
എന്റെ ഗ്രാമം
SHSS EACHOME

# പ്രാർത്ഥന



**ഓ ദൈവമെ നീ ചൊരിയും നന്മകൾക്ക് നന്ദി ...**

**നിന്റെ സാന്നിധ്യം തിരിച്ചറിയട്ടെ ഓരോ നിമിഷങ്ങളിലും.....**

**എന്റെ മുഴുവൻ അധ്വാനവും നിന്റെ മുൻമ്പിൽ സമർപ്പിക്കുന്നു.....**

# ഉള്ളടക്കം

ആശംസ .....................................പ്രിൻസിപ്പാൾ

ആശംസ..................................ഹെഡ്മാസ്റ്റർ

കഥ ......................................ഒരു വട്ടം കൂടെ

കവിത.................................ചേക്കുട്ടി കവിതകൾ

കഥ......................................പുതിയമാറ്റം

കവിത...................................പ്രളയം

കഥ...............................കൃഷിക്കാരനും മക്കളും

ലേഖനം .. .............................പ്രകൃതി സൗന്ദര്യം



# ആശംസ

അനുദിനം വളരുകയും അതിശയിപ്പിക്കുകയും ചെയ്യുന്ന സാങ്കേതിക വിദ്യയെ കൈപ്പിടിയിലൊതുക്കിവളരാനും മറ്റുള്ളവരെ അതിശയിപ്പിക്കാനും കഴിയുമ്പോഴാണ് പഠനം ആസ്വാദകരമാകുന്നത്.ലിറ്റിൽ കൈറ്റ്സ് അതിനുള്ള വേദിയായി തീരട്ടെ ഒപ്പം ഈ കൈയ്യെഴുത്തു മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു.

തോമസ് വി ഡി
(പ്രിൻസിപ്പാൾ)



# ആശംസ

സർവ്വോദയയിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ വിവിധങ്ങളായ നല്ല പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിൽ വളരെ സന്തോഷമുണ്ട്. ഡിജിറ്റൽ മാഗസിൻ അതിലൊരെണ്ണം മാത്രം.കുട്ടികൾ തന്നെയാണ് ഇതെല്ലാം ചെയ്യുന്നത് എന്ന് അറിയുന്നതിൽ സന്തോഷം. ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ അറിയിക്കുന്നു. കുട്ടിപട്ടാളങ്ങൾ കൂട്ടുതൽ കൂട്ടുതൽ ഉയരങ്ങളിലേക്ക് പറന്നുയരട്ടെ

ഫാ.വിൽസൺ എസ്.ജെ

(ഹെഡ്മാസ്റ്റർ)

## കഥ

# ഒരു വട്ടം കൂടെ

അദ്ദേഹം വിഭ്രാന്തമായ മനസോടെ അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു വിയർപ്പു ചോലകൾ ഒഴുകുന്നു അദ്ദേഹത്തിൻെറ
കണ്ണുകളിൽ എന്തെന്നില്ലാത്ത സങ്കടം ചുണ്ടുകൾ വിറക്കുന്നുണ്ടായിരുന്നു അദ്ദേഹം വിങ്ങിപ്പൊട്ടുന്നുണ്ടായിരുന്നു കൈയ്യിൽ ഒരു കടലാസ് എന്തിനോ വേണ്ടി ഉമ്മറത്തേക്കു വന്ന ഭാര്യ കാര്യം തിരക്കുന്നു അദ്ദേഹം കൈയ്യിലിരുന്ന കടലാസ്
അവർക്കു കൊടുത്തു അവരുടെ കണ്ണുകളും നിറഞ്ഞൊഴുകാൻ തുടങ്ങി

"ഏറ്റവും പ്രിയപ്പെട്ട അച്ഛനും അമ്മയ്ക്കും ഞാൻ പോകുന്നു. ഞാൻ സ്നേഹിച്ച ആളും ആയി.നിങ്ങൾ എന്നോടു ക്ഷമിക്കണം ഞങ്ങളെ അനുഗ്രഹിക്കണം "

എന്ന് സ്വന്തം

അമ്മു

അവർ ദയനിയമായി ചോദിച്ചു ഞാൻ ഇതുമാറ്റി വച്ചതാണ് നിങ്ങൾ കാണാതെ .ഇന്നു കത്തിക്കാനായി വച്ചതായിരുന്നു അയാൾ നടുങ്ങി വേണ്ട വേണ്ട എന്നു അലറി കടലാസ് തട്ടിപറിച്ച് മുറിയിലേക്കു ഓടി മുറിയിൽ ഒരു മേശയുണ്ടായിരുന്നു അങ്ങോട്ടും അദ്ദേഹം നടന്ന് മേശയുടെ മുകളിൽ ഒരു പത്രം കണ്ടു അതു രണ്ടും നെഞ്ചിടു ചേർത്തു പൊട്ടിക്കരഞ്ഞു ഓളിച്ചോടിയ അന്നുരാത്രി ഒരു ബസ് അപകടത്തിൽ മരിച്ചവരുടെ കൂടെ ആ മകളും അതായിരുന്നു. പേപ്പറിൽ അദ്ദേഹം മോളേ മോളേ എന്നു വിളിച്ചു കൊണ്ടെയിരുന്നു കാലത്തിൻെറ ഓളങ്ങളിൽ അതു മുഴങ്ങി.

ആര്യ കെ സ്

# ചേക്കുട്ടി പാവകൾ




കേരള നവോത്ഥാനത്തിൻെറ
പടികൾ ചവിട്ടുമ്പോൾ
നീ വന്ന പാവയായ്
ചേക്കുട്ടി പാവയായ്

എല്ലാം നഷ്ടപ്പെട്ട ഞങ്ങൾക്ക്
ആശ്വാസമായി നീ ചേക്കുട്ടി
ആ സമയത്ത് ഞങ്ങൾതൻ
ദൈവമായ് നീ ചേക്കട്ടി
ഇത് നീ ഞങ്ങൾക്ക് തന്ന
ജീവനാണ് ചേക്കുട്ടീ
ചേക്കുട്ടി നീ ഉയർത്തേഴന്നേൽ
പ്പിൻ ഭയം മാറി കേരള
ജനത തൻ മനസിൽ
പഴന്തുണി പാവയാണ് നീ

എങ്കിലും ചേക്കുട്ടി നീ
മനുഷ്യ  മനസിൽ
പുതു ജീവത സ്പദനമു
ണർത്തി ചേക്കുട്ടി
ചേക്കുട്ടി നീ പാവയല്ല.
മനുഷ്യമനസിലെ തീരാ
സ്നേഹമാണ് ചേക്കുട്ടി
ഞങ്ങളുടെ മനസ്സിൽ നിന്നും
നീ മറയില്ല ചേക്കുട്ടി.
നീയാണ്  ഞങ്ങൾക്ക്
എല്ലാം തിരിച്ചു തന്നത്
ചേക്കുട്ടി നീ മായില്ല
മറക്കില്ല നിന്നെ
ഞങ്ങളുടെയെല്ലാം ഞങ്ങൾക്ക്
നീ തിരിച്ചു തന്നു
നീ മായില്ല മറയില്ല
മറക്കില്ല ചേക്കുട്ടി.

ആയിഷത്ത് സഹല VIIIA



<u>പുതിയ മാറ്റത്തിലേക്കുള്ള കാഴ്ച</u>

എൽസിയെന്നാണ് അവളുടെ പേര്.എൽസിയുടെ അമ്മ എലീന,അച്ഛൻ ജോബി. എൽസി പത്താം ക്ലാസ് വിദ്യാർത്ഥിയാണ്. അവളുടെ വീട്ടിൽ നാലു പെൺമക്കളാണ് ഉള്ളത്. എൽസിയാണ് മൂത്തത്. ഇളയ രണ്ടു സഹോദരിമാരാണ് എൽസിക്കുള്ളത്. ഒരാൾ ജനിച്ചപ്പോഴേ മരിച്ചുപോയിരുന്നു. ഇളയ സഹോദരി ജാസ് മിൻ, അഞ്ചാം ക്ലാസ് വിദ്യാർത്ഥിയാണ്. അവൾ നന്നായി പഠിക്കും. അവളുടെ മൂത്തവൾ ജസ്റ്റി അവൾ ഏഴാം ക്ലാസ് വിദ്യാർത്ഥിയാണ്. അവളും നന്നായി പഠിക്കും. ഇളയ സഹോദരിമാർക്ക് മാതൃകയാകേണ്ട എൽസി ഒട്ടും പഠിക്കുകയോ ഉത്തരവാദിത്വത്തോടെ പെരുമാറുകയോയില്ല. എല്ലായപ്പോഴും ടി.വി.കണ്ട് ഉഴപ്പി നടക്കും. പത്താം ക്ലാസ് പകുതിയായി. ഒരിക്കൽ എൽസി ഒറു തെരുവിലൂടെ നടന്നുപോകുകയായിരുന്നു. അപ്പോൾ അവിടെ ഒരു രോഗിയെ കണ്ടു. അയാളുടെ ദേഹം നിറയെ വ്രണങ്ങളാണ്. അതിലെ പോകുന്ന മനുഷ്യരെല്ലാം അയാളെ വെറുപ്പോടെ മാറി നടക്കുന്നത് അവൾ കണ്ടു. അപ്പോഴാണ് ഒരു നേഴ്സ് അദ്ദേഹത്തിന്റെ അടുത്ത് വന്ന് അയാളുടെ മുറിവുകളെല്ലാം വൃത്തിയാക്കി മരുന്ന് വെച്ചു കെട്ടി ആ സ്ത്രീ സന്തോഷത്തോടെ അദ്ദേഹത്തെ എടുത്ത് ഒരു വാഹനത്തിൽ കയറ്റുന്നതും അവൾ കണ്ടു. ആ കാഴ്ച അവളെ സ്പർശിച്ചു എന്നു തന്നെ പറയാം. അവളുടെ കണ്ണിൽനിന്നും കണ്ണുനീർ വാർത്തു. അവൾ വീട്ടിലേക്ക് ഓടി. ഒരു പുസ്തകമെടുത്ത് അതിൽനിന്നും ഒരു പേജ് പറിച്ച് അവൾ അതിൽ ഇങ്ങനെ കുറിച്ചു:ഏത് ഏത് രോഗിയേയും സ്നേഹത്തോടെ

പരിചരിക്കുന്ന ഒരു നേഴ്സ് ആകണം എനിക്ക്". അവൾ പഠിക്കാൻ തുടങ്ങി. പത്താംക്ലാസ് പരീക്ഷ കഴിഞ്ഞു. റിസൾട്ട് വരുന്ന ദിവസമെത്തി. ഏവരേയും അതിശയിപ്പിച്ച് എൽസി 9A+ഉംഒരു A grade ഉം നേടി പാസായി. പത്താംക്ലാസിൽ വൻവിജയം എൽസി കാഴ്ചവെച്ചു. പ്രീഡിഗ്രി കാലഘട്ടത്തിലും നല്ല പ്രകടനം തന്നെ കാഴ്ചവെച്ചു. എൽസി നഴ്സിങ് പഠിക്കാൻ പോയി. അഞ്ചുകൊല്ലശേഷം എൽസി പഠനം കഴിഞ്ഞ് തിരിച്ചു വന്നു. എൽസിക്ക് വേഗം തന്നെ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ ജോലി ലഭിച്ചു. അടുത്ത് തന്നെ എൽസിയുടെ വിവാഹം ദുബായിൽ ജോലിയുള്ള ജോൺസ് എന്ന ചെറുപ്പക്കാരനുമായി നടത്തി. കുറേ നാളുകൾക്ക് ശേഷം എൽസി ഗർഭിണിയായി. കുറച്ച് മാസങ്ങൾക്ക് ശേഷം എൽസി ഒരു ആൺക്കുഞ്ഞിന് ജന്മം നൽകി. മൂന്നു മാസങ്ങൾക്കു ശേഷം ജോൺസിൻെറ അച്ഛൻ ജോണി മരിച്ചു. അച്ഛൻെറ മരണത്തിൻെറ ഷോക്കിൽ ജോൺസിൻെറ അമ്മ ത്രേസ്യ കിടപ്പിലായി. കുറച്ച് നാളുകൾക്ക് ശേഷം ത്രേസ്യായും മരിച്ചു. അമ്മയുടെ മരണത്തിൻെറ ഓർമ്മയിലായിരിക്കുമ്പോൾ പിന്നെയും എൽസി ഗർഭിണിയായി. ഗർഭിണിയായിരിക്കുന്ന എൽസിയെയും കുഞ്ഞിനെയും ഒറ്റക്കാക്കി ദുബായിയിലേക്ക് പോകാൻ ജോൺസിൻെറ മനസ്സ് അനുവദിച്ചില്ല. അതുകൊണ്ട് ദുബായിയിലെ ജോലി ജോൺസ് ഉപേക്ഷിച്ചു.എൽസി വേറൊരു ആൺകുഞ്ഞിനെ പ്രസവിച്ചു. ജോൺസിന് ജോലിയെങ്ങും ശരിയാവത്തതിനാൽ എൽസി പ്രസവിച്ച് മൂന്നു മാസം തികയാനായപ്പോഴെ എൽസി ജോലിക്ക് ജോയിൻ ചെയ്തു. ജോൺസായിരുന്നു കുഞ്ഞുങ്ങളെ നോക്കിയിരുന്നത്. അങ്ങനെയിരുന്നപ്പോഴാണ് മനുഷ്യരിൽ വൈറസ് എന്ന പനി പടരുന്നത്. വായുനിലൂടെയും സ്പർശനത്തിലൂടെയും മറ്റു ജീവികൾ തിന്ന പഴങ്ങളിലൂടെയും പകരുന്ന പനി സ്ഥിരീകരിച്ചത്. ഒരു മനുഷ്യന് ആ പനിയാണ് എന്നാണ് എല്ലാവരും കരുതിയത്. അപ്പോഴാണ് 30 വർഷം മുമ്പ് താൻ കണ്ട കാഴ്ചയോർത്തത്. താൻ പുസ്തകത്തിൽ എഴുതിയ കാര്യങ്ങൾ ഓർത്തത്. ഇതെല്ലാം അവളെ ആ രോഗിയെ പരിചരിക്കാൻ ആകർഷിക്കുകയായിരുന്നു. നല്ല നല്ല വാക്കുകളിലൂടെയും പരിചരണം നൽകാൻ അവൾ ശ്രദ്ധിച്ചിരുന്നു. കുറച്ച് ദിവസങ്ങൾക്ക് ശേഷം എൽസിയിൽ പനിയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി. പരിശോധനയ്ക്ക് ശേഷം നിപയെന്ന് സ്ഥിരീകരിച്ചു. എൽസി പിന്നെ ഓരോ സെക്കൻെറും മരണത്തിനായ് ഒരുക്കി. അന്ത്യനിമിഷത്തിലും എൽസി മൂന്ന് വാക്കുകളാണ് ഉച്ചരിച്ചത് ജോൺസ്,എഡ്വിൻ,ആഞ്ചലോ ഇത്രയും പറഞ്ഞ് ആ മാലാഖ യാത്രയായി.................

**അമലമോൾ**
**8 A**



## പ്രളയം

### ഞാൻ നേരിട്ട ദുരന്തം

അന്നു ഞാൻ കണ്ട കിനാവനേകം
ഓർമ്മയിൽ നിൽക്കുന്നതായിന്നു.
പിന്നെ ഞാൻ കണ്ടോരു കാഴ്ചകളോ
മിന്നിമറയുന്നതായിരുന്നു.

ജാതിമതവികാരങ്ങളെല്ലാം മറന്ന്
ഒന്നിച്ചു നിൽക്കാൻ പ്രാപ്തരായി
കുട്ടികൾ വൃദ്ധർ മാതാപിതാക്കൾ
എല്ലാരുമൊന്നകെ പോയുറഞ്ഞ

ഓർമ്മയായി പ്രളയം
ഓര്മ്മയായി ദുരന്തം
ഓർമ്മയായി എല്ലാം

തോരാത്ത മഴയും ഒഴുകാത്ത ജലവും
ജനങ്ങളെയൊന്നായ് വളഞ്ഞിരുന്നു.
ഒരു തുള്ളി വെയലിനായി കൊതിച്ച
ഓരോരോ ദുരന്തനാളിൽ നമ്മളെല്ലാവരും

ജാതിയും മതങ്ങളും എല്ലാം മറന്ന്
ഒന്നിച്ച നിൽക്കാൻ പ്രാപ്തരാവാം
അന്നു ഞാൻ കണ്ട കിനാവനേകം
ഓർമ്മയിൽ നിൽക്കുന്നതായിരുന്നു.....

അലേനാ ജാസ്മിൻ പോൾ VIIIA



## കൃഷിക്കാരനും മക്കളും

ഒരിക്കൽ ഒരിടത്ത് ധനികനായ ഒരു കൃഷിക്കാരൻ ജീവിച്ചിരുന്നു അയാൾക്ക് മൂന്ന് മക്കളുണ്ടായിരുന്നു.തനിക്കിനി അധികകാലമില്ലെന്ന് മനസ്സിലാക്കിയ

കൃഷിക്കാരൻ തൻെറ മക്കളെ അടുത്തെക്ക് വിളിച്ചു.മക്കളെ കൃഷിക്കാരൻ പറഞ്ഞു.എനിക്ക് നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്. നമുക്ക് പൂർവികർ മുതൽ കൈമാറി വരുന്ന ഭൂമിയാണിതെല്ലാം .അതൊന്നും

നിങ്ങൾ മറക്കരുത്. അതിലൊരു സ്ഥലത്ത് നിധിയുണ്ട്.

പക്ഷെ ശരിക്കുമുള്ള സ്ഥലം ഏതെന്ന് എനിക്കറിയില്ല.

തീർച്ചയായും അത് എവിടെയോ ഉണ്ട്. നിങ്ങൾ നിധി

അന്വേഷിക്കുമ്പോൾ ഒരു കാര്യം ശ്രദ്ധിക്കണം. ഒരു

സാധനവും നശിപ്പിക്കരുത്. ഇത്രയും പറഞ്ഞ് കർഷകൻ

മരിച്ചു.അധികം താമസിക്കാതെ മക്കൾ നിധിക്കുവേണ്ടി

പുറപ്പെട്ടു. എല്ലാവരും കൂട്ടി വയലെല്ലാം കിളച്ചു നോക്കാൻ തുടങ്ങി. ഒരു സ്ഥലത്ത് പോലും വിടാതെ എല്ലായിടത്തും കിളച്ചു. അങ്ങനെ രണ്ടും മൂന്നുംസ്ഥലത്ത് കിളച്ചു. ഇത്രയേറെ

അധ്വാനിച്ചിട്ടും അവർക്ക് ഒര് നിധിപോലും കണ്ടെത്താനാ

യില്ല. പിന്നീട് അവർ തന്ത്രപൂർവം കഠിനാധ്വാനം ചെയ്ത് കിളച്ചു ധാന്യങ്ങൾ വിതച്ചു. വിളവെടുപ്പ് കഴിഞ്ഞപ്പോൾ അവർ എല്ലാ കണക്കുകളും തീർത്തുകഴിഞ്ഞപ്പോൾ ലാഭമായി ധാരാളം പണം ലഭിച്ചു . ആ നാട്ടിൽ ആർക്കും ലഭിക്കാത്തത്ര പണം അവർക്ക് ലഭിച്ചു. പിന്നെയാണവർക്ക് മനസ്സിലായത് അച്ഛൻ പറഞ്ഞ നിധി ഇതാണെന്ന്.

അക്ഷയ വിജയൻ

8-C




## കുളിരണിയിക്കും പ്രകൃതി സൗന്ദര്യം

പ്രകൃതി സൗന്ദര്യം എന്നത് ഒരു മനം കവരുന്ന അനുഭൂതിയാണ്. അതുപോലെതന്നെ പ്രകൃതി
സൗന്ദര്യം ആസ്വദിക്കാനും അനുഭവിക്കാനും
പ്രകൃതിയെ സ്നേഹിക്കുന്നവരു മാത്രമേ സാധിക്കുകയുള്ളു.അതായത് പ്രകൃതിയെ വർണിച്ചാൽ
അത് ഒരറ്റത്തും എത്തുകയില്ല.അതായത് പച്ചവിരിച്ച
നെൽപ്പാട.അതും തണ്ണീർ അരുവികളും മലകളും പുഴകളും അങ്ങനെ എത്ര എത്ര കുളിരണിയിക്കുന്ന അല്ലെങ്കിൽ മനം കവരുന്ന അനുഭൂതിയാണ് പ്രകൃതിയിൽ
ഉള്ളത്. തേനൂറും പാട്ടുകൾ പാടുന്ന കിളികളും തേൻ നുകരാൻ എത്തുന്ന
പൂമ്പാറ്റകളും അങ്ങനെ മനോഹാരിതം നിറഞ്ഞ പ്രകൃതിയും.അതുപോലെത്തന്നെ
വെള്ളച്ചാട്ടങ്ങൾ പിന്നെ അത്ഭുതം നിറഞ്ഞ കാഴ്ചകളും.സത്യത്തിൽ നമ്മെ
ഓരോരുത്തരെയും വിസ്മയിപ്പിക്കുന്ന കാഴ്ചകളും ആണ് പ്രകൃതിയിൽ ഉള്ളത്. രാത്രിയിൽ ആകാശത്ത് മുല്ലമൊട്ടുകൾപ്പോലെ വിരിഞ്ഞു നിൽക്കുന്ന
നക്ഷത്രങ്ങളും,അമ്പിളിമാമനും അതുപോലെ തന്നെ വില ദിവസങ്ങളിൽ മഴപെയ്ത് വെയിൽ വരാറാകുമ്പോൾ ആകാശത്തിൽ ഏഴ് വർണത്തിൽ തിളങ്ങിനിൽക്കുന്ന

വാരിവില്ലുകളും.അതുപോലെ തന്നെ പല വർണത്തിൽ കാറ്റിൽ ആടിപാടി ഉല്ലസിക്കുന്ന പൂക്കളും അങ്ങനെ എത്ര വൈവിധ്യവുമാണ് പ്രകൃതി.പച്ചയുടുപ്പിട്ട് ആടിപാടി ഉല്ലസിക്കുന്ന പ്രകൃതി.അതായത് ഭൂമിയെതന്നെ സൗന്ദര്യപൂർണമാക്കുന്നത് പ്രകൃതിയാണ്.അതായത് വൈവിധ്യങ്ങൾ കൊണ്ടും സമ്പന്നതകൾ കൊണ്ടും കുളിരണിക്കുന്ന അനുഭൂതിയാണ് പ്രകൃതിയിൽ ഉള്ളത് അത്രയും മായാവിസ്മയങ്ങൾ നിൽക്കുന്ന പ്രകൃതി.അതായത് പ്രകൃതി എന്നത് ലോകത്തിന്റെ വെളിച്ചവും അതുപോലെത്തന്നെ ചെറു ദീപവുമാണ്. അതായത്,സന്ധ്യായാമമാകുമ്പോൾ തന്നെ ചെറു ദീപമായി മാറുന്ന മിന്നാമിന്നുങ്ങകൾ അതൊക്കെത്തന്നെ പ്രകൃതിയെ സൗന്ദര്യപൂർണമാക്കുകയാണ്.അതായത് പ്രകൃതി എന്നത് ഒരു കുളിരണിയിക്കും അനുഭവമാണ്. അതുപോലെതന്നെ മായാ വിസ്മയങ്ങൾ തീർത്ത ഒരു മാണിക്യരത്നമാണ് പ്രകൃതി.അതുപോലെതന്നെ സൗന്ദര്യ വർണന മാത്രമല്ല നല്ല പാഠങ്ങളും തരുന്ന പ്രകൃതി.അത്രയും വൈവിധ്യം കൊണ്ടും അറിവുകൾകൊണ്ടും കുളിരണിയിക്കും അനുഭവങ്ങൾ പ്രകൃതി നൽകുന്നുണ്ട്.അതാണ് കുളിരണിയിക്കും പ്രകൃതി സൗന്ദര്യം.

**ദിവ്യ കെ എസ്**
9 ഡി




"എൻെറ ജീവിതമാണ്
എൻെറ സന്ദേശം"-മഹാത്മഗാന്ധി.

"ഉദ്ദേശവും ലക്ഷ്യവുമില്ലത്ത
പരിശ്രമവും ധൈര്യവും അപൂർവമാണ്"-ജോൺ എഫ്.

"എളിമയുള്ളവന്റെ ജീവിതം
തെളിയുമയ്യുള്ളതാണ്"-മഹാത്മഗാന്ധി.

"അപരിചിതരെ വിധിക്കരുത്"

അനഗ്ര പി.ജോസ്





## ലിറ്റിൽ കൈറ്റ്സ്



## ആശംസ

**രസകരമായി ആയാസരഹിതമായി സാങ്കേതികവിദ്യ കുട്ടികൾക്ക് സ്വന്തമാക്കാൻ ലിറ്റിൽ കൈറ്റ്സ് ചെലുത്തുന്ന സ്വാധീനം വലുതാണ്. കുട്ടികളിൽ ഓരോ ദിവസവും ഉണ്ടാകുന്ന മാറ്റവും വളർച്ചയും വളരെ പ്രത്യക്ഷമാണ്. ലിറ്റിൽ കൈറ്റ്സ് എന്ന ചെറിയ ഗ്രൂപ്പിലൂടെ സ്ക്കൂളിലെ മുഴുവൻ കുട്ടികളും സാങ്കേതികവിദ്യ അനായാസം കൈകാര്യം ചെയ്യാൻ കഴിയട്ടെ എന്നും അതുവഴി അവർ ബന്ധപ്പെടുന്ന സമൂഹം മുഴുവൻ ആധുനിക സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിൽ പ്രബുദ്ധരാകട്ടെ എന്നും ഞങ്ങൾ ഒന്നുചേർന്ന് ആശംസിക്കുന്നു. ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ വലിയ ഒരു മികവാണ് കുട്ടികൾ തന്നെ നേതൃത്വം കൊടുത്ത് തയ്യാറാക്കിയിരിക്കുന്ന 'തണൽ' ഡിജിറ്റൽ മഗസിൻ നടപ്പുവർഷത്തെ മുഴുവൻ സ്കൂൾ പ്രവർത്തനങ്ങളും അടങ്ങുന്ന ഈ മാഗസിൻ ഇതിനെല്ലാം തെളിവാണ്. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളും ഏവർക്കും സ്വീകാര്യമാകുംവിധം ആകർഷകമാകട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.**

**ഷനിൽ ഇ ജെ**
**ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ**

**സി. ബിൻസി ജോസഫ്**
**ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്**

# THANKS

